**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 139** **23-01-2025 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കിഫ്ബിയിൽ നിന്നും 2018-ൽ ഭരണാനുമതി ലഭിച്ചിട്ടും കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർമ്മാണ ചുമതലയുള്ള കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . കൂത്തുപറമ്പ് കോടതി സമുച്ചയത്തിൻറെ നിർമ്മാണത്തിന് 25 കോടി രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് 2016 ഡിഎസ്ആർ അടിസ്ഥാനമാക്കി 17.05.2018-ന് ഭരണാനുമതി നൽകുകയും, പിന്നീട് DSR മാറ്റം , GST വ്യതിയാനം എന്നിവ കണക്കിലെടുത്ത് 30 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകുകയും ചെയ്തു. Technical Sanction നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ നിലവിലുള്ള തടസങ്ങൾ എന്തൊക്കെയാണെന്നും അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . കൂത്തുപറമ്പ് കോടതി സമുച്ചയത്തിൻറെ നിർമ്മാണത്തിന് 25 കോടി രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് 2016 ഡിഎസ്ആർ അടിസ്ഥാനമാക്കി 17.05.2018-ന് ഭരണാനുമതി നൽകുകയും, പിന്നീട് DSR മാറ്റം , GST വ്യതിയാനം എന്നിവ കണക്കിലെടുത്ത് 30 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകുകയും ചെയ്തു. Technical Sanction നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ പോലെയുള്ള ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോയെന്ന് വിശദമാക്കുമോ? | (സി) | ഇക്കാര്യത്തിൽ കിഫ്ബി അവലോകന യോഗങ്ങൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട് . കൂടാതെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രകടനം കിഫ്ബി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം വിലയിരുത്താറുമുണ്ട് . |

സെക്ഷൻ ഓഫീസർ